പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 297 09.06.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.-ലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണം അന്വേഷിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി.-യെ സാമ്പത്തിക പരാധീനതയിൽ നിന്നും രക്ഷിക്കാൻ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ഉദ്ദേശിച്ച ഫലം ഉണ്ടാകാത്തതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജോലി ചെയ്യാതെ ശമ്പളം പറ്റുന്നതായും, പർച്ചേസുകളിൽ ക്രമക്കേടുനടക്കുന്നതായും, വരുമാനം വെട്ടിക്കുന്നതായും, യോഗ്യതയില്ലാത്തവർ ഉന്നത സ്ഥാനങ്ങൾ വഹിച്ച് അമിതാനുകൂല്യങ്ങൾ പറ്റുന്നതായും, ഓഫീസ് സൗകര്യങ്ങളും, കെട്ടിടങ്ങളും, വാഹനങ്ങളും ദുരുപയോഗം ചെയ്യുന്നതായുമുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യിൽ ജോലി ചെയ്യാതെ ജീവനക്കാർ ശമ്പളം വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ വാർഷിക ഇൻക്രിമെന്റിന്റെ തീയതി മാറാതെ സംരക്ഷിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിനായി മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നു നിർദ്ദേശിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>വാഹനം ദുരുപയോഗം ചെയ്ത വകയിൽ ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ നിർദ്ദേശപ്രകാരം ആരോപണ വിധേയരായ മൂന്ന് ഉദ്യോഗസ്ഥരിൽ നിന്നും 13417/- രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. ഇതര ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ